നിലവിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ലഭ്യമായ വന്ധ്യതാ ചികിത്സാ രംഗത്തെ ആധുനിക സൗകര്യം മറ്റ് സർക്കാർ മെഡിക്കൽ മോളേജ്ജുകളിൽ കൂടി ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി സമർപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ആദ്യ ബാച്ചിൽ ഐ.വി.എഫ്-ലൂടെ 4 കുട്ടികളെ ലഭിച്ചിട്ടുണ്ട്. അടുത്ത ബാച്ചും വിജയകരമായി തുടരുന്നു. തിരുവനന്തപുരത്തുള്ള തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ വന്ധ്യതാ ചികിത്സ വിപുലീകരിക്കുന്നതിനായി കെട്ടിടം പണിയുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു.

തിരുവനന്തപുരം ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവർ

24(2715) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ട് 30 വർഷത്തിലധികം സീനിയോറിറ്റി ഉള്ളവരും നിശ്ചിത പ്രായപരിധിയായ 50 വയസ് പൂർത്തിയായവരുമായ എത്ര ഉദ്യോഗാർത്ഥികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം സീനിയോറിറ്റിയും പ്രായപരിധി കഴിഞ്ഞവരുമായ ഉദ്യോഗാർത്ഥികളുടെ പൂർണ്ണമായ ലിസ്റ്റ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) 5185 ഉദ്യോഗാർത്ഥികൾ നിലവിലുണ്ട്.

(ബി) സോഫ്റ്റ് കോപ്പി ഉള്ളടക്കം ചെയ്യുന്നു.*

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത യുവതീ-യുവാക്കൾ

25(4202) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഇതുവരെ രജിസ്റ്റർ ചെയ്ത യുവതീ-യുവാക്കളുടെ എണ്ണം ജില്ല തിരിച്ച്, വ്യക്തമാക്കാമോ ;

(ബി) സർക്കാർ അർദ്ധ സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിൽ പി.എസ്.സി. മുഖേനയല്ലാത്ത നിയമനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവർക്ക് നിയമനം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly